പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2716 **28-10-2026-ൽ മറുപടിയ്ക്ക്**

അമ്പലപ്പാറ, കടമ്പൂർ പനയൂർക്കാവ് ചെക്ക്ഡാം നിർമാണത്തിന് വകയിരുത്തിയ തുക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) 2020-21 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള 5 കോടി രൂപയുടെ ചെറുകിട ജലസേചന വകുപ്പിന് നിർവഹണ ചുമതലയിലുള്ള സീരിയൽ നം. 189 - അമ്പലപ്പാറ, കടമ്പൂർ പനയൂർക്കാവ് ചെക്ക്ഡാം നിർമാണം എന്ന പ്രവൃത്തിക്ക് 2 കോടി രൂപ നിലനിർത്തിക്കൊണ്ട്, ബാക്കി 3 കോടി രൂപ 2026-27 വർഷത്തെ ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ള ഒറ്റപ്പാലം - കണ്ണിയംപുറം - ഈസ്റ്റ് ഒറ്റപ്പാലം തോടുകളുടെ ഇരുവശവും കെട്ടി കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയിലേക്ക് മാറ്റി അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള എംഐ/103/2026-ഡബ്ല്യുആർഡി (കമ്പ്യൂട്ടർ നമ്പർ. 3595355) ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് 14.08.2026-ലെ MI2/103/2026-WRD നമ്പർ കത്തിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും മൈനർ ഇറിഗേഷൻ സർക്കിൾ, എറണാകുളത്തെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പുറത്തെഴുത്തായി കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ